**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 584** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>ട്രഷറി സംബന്ധമായ ക്രമക്കേടുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. മമ്മിക്കുട്ടി (മുഖ്യമന്ത്രി)

**(എ)** ട്രഷറി ഇടപാടുകളിലെ ക്രമക്കേടുകൾ തടയുന്നതിന് നടപ്പിലാക്കി വരുന്ന ആന്തരിക ഓഡിറ്റ് സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ട്രഷറി വകുപ്പിൽ ജില്ലാ ട്രഷറി ഓഫീസർമാർ തങ്ങളുടെ കീഴിലുള്ള സബ് ട്രഷറികളിൽ വാർഷിക പരിശോധനയും മൂന്ന് മാസത്തിലൊരിക്കൽ ആകസ്മിക പരിശോധനയും, മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർ തങ്ങളുടെ കീഴിലുള്ള ജില്ലാ ട്രഷറികളിൽ വാർഷിക പരിശോധനയും മൂന്നുമാസത്തിലൊരിക്കൽ ആകസ്മിക പരിശോധനയും, മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർ സബ് ട്രഷറികളിൽ ദ്വൈവാർഷിക പരിശോധനയും വർഷത്തിലൊരിക്കൽ ആകസ്മിക പരിശോധനയും നടത്തുന്നുണ്ട്. അക്കൗണ്ടന്റ് ജനറൽ ജില്ലാ ട്രഷറികളിൽ വർഷത്തിലൊരിക്കലും സബ് ട്രഷറികളിൽ രണ്ട് വർഷത്തിലൊരിക്കലും, ധനകാര്യ പരിശോധനാ വിഭാഗത്തിലെ ജില്ലാ സ്ക്വാഡുകൾ ട്രഷറികളിലും പരിശോധന നടത്തുന്നുണ്ട്. കൂടാതെ ട്രഷറി ഡയറക്ടർ നേരിട്ട് ട്രഷറികളിൽ ആകസ്മിക പരിശോധനയും നടത്തുന്നുണ്ട്. ടി പരിശോധന റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന വീഴ്ചകൾ / ന്യൂനതകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത ഇടവേളകളിൽ ജില്ലാ ട്രഷറി ഓഫീസർമാരും ഡെപ്യൂട്ടി ഡയറക്ടർമാരും ട്രഷറി ഡയറക്ടറും ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി വിളിച്ചുചേർത്ത് ഇത് സംബന്ധിച്ച് പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്.

**(ബി)** കഴിഞ്ഞ അഞ്ച് വർഷം ട്രഷറി സംബന്ധമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടി എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

**<u>മറുപടി:</u>** കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി , കണ്ണൂർ ജില്ലാ ട്രഷറി, പത്തനംതിട്ട ജില്ലാ ട്രഷറി , നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കഴക്കൂട്ടം സബ് ട്രഷറി, എന്നിവിടങ്ങളിൽ സാമ്പത്തിക ക്രമക്കേട്. കണ്ടെത്തുകയും ആയതുമായി ബന്ധപ്പെട്ട് മൂന്ന് ജീവനക്കാരെ സർവ്വീസിൽ നിന്നും ഡിസ്മിസ്സ് ചെയ്തിട്ടുള്ളതും 14 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും 35 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. മേൽ കേസുകളിൽ കണ്ണൂർ ജില്ലാ ട്രഷറിയിൽ നടന്ന ക്രമക്കേടിലൂടെ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 7,85,536/-രൂപയും ആയതിന്റെ പിഴപ്പലിശയായ 5,49,403/- രൂപയും ബന്ധപ്പെട്ട ജീവനക്കാരൻ സർക്കാരിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ശേഷിക്കുന്ന കേസുകളിൽ സർക്കാരിനുണ്ടായ നഷ്ടം തിരികെ ഈടാക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്.

കൂടാതെ മേൽ ക്രമക്കേടുകൾ സംബന്ധിച്ച് പോലീസ് /ക്രൈംബ്രാഞ്ച് / വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തലത്തിൽ അന്വേഷണം നടന്നുവരികയുമാണ്.

**സെക്ഷൻ ഓഫീസർ**